**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2069** **09-02-2023 - ൽ മറുപടിയ്ക്ക്**

**കല്ലടിക്കോട് പോലീസ് സ്റ്റേഷൻ നിർമാണത്തിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷൻ ഇറിഗേഷൻ വകുപ്പ് കണ്ടം ചെയ്ത കെട്ടിടത്തിലാണ് 2013 മുതൽ പ്രവർത്തിച്ചുവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലടിക്കോട് പോലീസ് സ്റ്റേഷൻ 2013 മുതൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | അനുവദിച്ചിട്ടുണ്ട്. മണ്ണാർക്കാട് താലൂക്കിലെ കരിമ്പ 1 വില്ലേജിൽ സർവ്വേ നം.168/1A2 ൽ ഉൾപ്പെട്ടതും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതുമായ 0.1740 ഹെക്ടർ ഭൂമി കല്ലടിക്കോട് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥയ്ക്കും നിബന്ധനകൾക്കും വിധേയമായി ഭൂമിയുടെ കൈവശാവകാശം പോലീസ് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം അപകടാവസ്ഥയിലാണെന്നിരിക്കെ പുതിയ കെട്ടിടം പണിയുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പാലക്കാട് ജില്ലയിലെ കല്ലടിക്കോട് പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ